**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

---

പത്രക്കുറിപ്പ് ‘ഭരണഭാഷ-മാതൃഭാഷ’ 2019 ഓഗസ്റ്റ് 24 ശനി

# സാമ്പത്തികവർഷം കയർ സംഭരണം മികച്ച നിലയിൽ എത്തും: ധനമന്ത്രി തോമസ് ഐസക്

ആലപ്പുഴ:കയർഫെഡ് മൂന്നു വർഷം മുമ്പ് 65000 ക്വിന്റൽ കയർ സംഭരിച്ചിരുന്ന സ്ഥാനത്ത് ഈ ധനകാര്യവർഷം ആറ് മാസം പിന്നീടുമ്പോൾ ഒന്നരലക്ഷം ക്വിന്റൽ സംഭരണം എത്തിയതായി ധനകാര്യ വകുപ്പ് മന്ത്രി ടി.എം.തോമസ് ഐസക് പറഞ്ഞു. കയർ കേരള 2019ന്റെ സംഘാടക സമതിയോഗം ഉദ്ഘാടനം ചെയ്ത് ആലപ്പുഴയിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ഈ സാമ്പത്തികവർഷം അവസാനിക്കുന്നതോടെ സംഭരണം രണ്ടരലക്ഷം ക്വിന്റലിലെത്തും. അടുത്ത വർഷം അഞ്ചുലക്ഷം ക്വിന്റിലാണ് ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു. ഡിസംബർ നാല് മുതൽ എട്ടുവരെ തീയതികളിൽ കയർ കേരള 2019 സംഘടിപ്പിക്കാനാണ് തീരുമാനം.

സംഘങ്ങൾക്ക് കയർഫെഡ് നൽകിയിരുന്ന ചകരിയുടെ നൂറ് ശതമാനം പൊള്ളാച്ചിയിൽ നിന്നും തമിഴ്നാട്ടിലും നിന്നും ആയിരുന്നത് ഇപ്പോൾ 56 ശതമാനം കേരളത്തിൽ നിന്നാണ് സംഭരിക്കുന്നത്. അടുത്ത വർഷം ആകുമ്പോഴെക്കും കേരളത്തിലെ ചകരികൊണ്ട് കേരളത്തിലെ വ്യവസായം പുലരുന്ന സാഹചര്യം ഉണ്ടാകും.

ഇപ്പോൾ കേരളത്തിൽ നൂറോളം ചകരി മില്ലുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ധനകാര്യ വർഷം അവസാനിക്കുന്നതിന് മുമ്പ് അത് 200 ആകും. ഇത്തവണത്തെ തൊഴിലുറപ്പ് പദ്ധതിയിലും കയർ കൂടുതലായി ഉപയോഗിക്കാനുള്ള സാഹചര്യം സൃഷ്ടിക്കും. റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്രം ഉപയോഗിക്കുമെന്ന് മന്ത്രി പറഞ്ഞു. ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണവും ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗവും ഈ മേഖലയിൽ മാറ്റങ്ങൾ സൃഷ്ടിക്കുമെന്നും മന്ത്രി പറഞ്ഞു. മുഖ്യമന്ത്രി പിണറായി വിജയൻ , ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ വി.എസ്.അച്യുതാനന്ദൻ, മന്ത്രിമാരായ ടി.എം.തോമസ് ഐസക്, ജി.സുധാകരൻ, പി.തിലോത്തമൻ, മുൻ മുഖ്യമന്ത്രി എ.കെ.ആന്റണി, മുൻ കയർവകുപ്പ് മന്ത്രി കെ.ആർ.ഗൗരിയമ്മ, മുൻ കേന്ദ്രമന്ത്രി വയലാർ രവി, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല എന്നിവർ മുഖ്യ രക്ഷാധികാരികളും എം.പി.മാരായ എ.എം.ആരിഫ്, കൊടിക്കുന്നിൽ സുരേഷ് , എം.എൽ.എമാരായ ആർ.രാജേഷ്, യു.പ്രതിഭ, തോമസ് ചാണ്ടി, സജി ചെറിയാൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജി.വേണുഗോപാൽ, ആനത്തലവട്ടം ആനന്ദൻ, മുൻ കയർകോർപ്പറേഷൻ ചെയർമാൻ ആർ.നാസർ, ജില്ലാ

കളക്ടർ ഡോ.അദീല അബ്ദുള്ള, കയർ ബോർഡ് ചെയർമാൻ ഇൻ ചാർജ് രാംമോഹൻ മിശ്ര, ജില്ലാ പോലീസ് മേധാവി കെ.എം.ടോമി എന്നിവർ രക്ഷാധികാരികളും കയർവകുപ്പ് സെക്രട്ടറി പി.വേണുഗോപാൽ ചെയർമാനും കയർ ഡയറക്ടർ എൻ.പത്മകുമാർ ജനറൽ കൺവീനറും വിവിധ രാഷ്ട്രീയ, ട്രേഡ് യൂണിയൻ, വ്യവസായ രംഗങ്ങളിലെ പ്രമുഖർ അംഗങ്ങളുമായിട്ടുള്ള വിപുലമായ സ്വാഗതസംഘമാണ് രൂപീകരിച്ചത്. ടി.കെ.ദേവകുമാർ യോഗത്തിൽ അധ്യക്ഷത വഹിച്ചു.

# സി ബി എൽ ലാഭവിഹിതം ജലോത്സവങ്ങൾക്ക് മാറ്റിവയ്ക്കും:ധനമന്ത്രി തോമസ് ഐസക്

ആലപ്പുഴ:അടുത്തവർഷം മുതൽ ചാമ്പ്യൻസ് ബോട്ട് ലീഗ് ലാഭവിഹിതം മുഴുവൻ സംസ്ഥാനത്തെ ജലോത്സവങ്ങൾക്കായി മാറ്റിവയ്ക്കുമെന്ന് ധനമന്ത്രി ഡോ.ടി.എം.തോമസ് ഐസക് വ്യക്തമാക്കി. ശനിയാഴ്ച കളക്ട്രേറ്റിൽ നടന്ന ആലപ്പുഴ അറുപത്തിയേഴാമത് നെഹ്റു ട്രോഫി വള്ളംകളി സംബന്ധിച്ച അടിയന്തര ഭരണസമിതി യോഗത്തിലാണ് ഇക്കാര്യം അറിയിച്ചത്.

നെഹ്റുട്രോഫിയുടെ നടത്തിപ്പിനായി ജില്ലാകളക്ടർ അധ്യക്ഷയായി പരാതിപരിഹാര സമിതി രൂപീകരിച്ചു.ഉച്ചയ്ക്ക് ഒരു മണിക്കുതന്നെ വള്ളങ്ങൾ പരേഡിനായി തയ്യാറെടുക്കണമെന്നും യോഗത്തിൽ അഭിപ്രായമുയർന്നു.യോഗത്തിൽ നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റി അധ്യക്ഷയായ ജില്ലാകളക്ടർ ഡോ.അദീല അബ്ദുള്ള,ആലപ്പുഴ നഗരസഭ അധ്യക്ഷൻ തോമസ് ജോസഫ്,റേസ് കമ്മിറ്റി കൺവീനർ ഹരൺബാബു തുടങ്ങിയവർ പങ്കെടുത്തു.

81 ജലരാജാക്കന്മാരാണ് നെഹ്റുട്രോഫിയിൽ പങ്കെടുക്കുന്നത്. ചുണ്ടൻ മത്സരയിനത്തിൽ 20 വള്ളങ്ങളും പ്രദർശന മത്സരത്തിൽ 3 വള്ളങ്ങളും ഉൾപ്പടെ 23 ചുണ്ടൻവള്ളങ്ങൾ മാറ്റുരയ്ക്കും. കൂടാതെ വെപ്പ് എ വിഭാഗത്തിൽ 12 വള്ളങ്ങളും വെപ്പ് ബി വിഭാഗത്തിൽ 6 വള്ളങ്ങളും ഇരുട്ടുകുത്തി എ ഗ്രേഡ് നാലു വള്ളങ്ങളും ഇരുട്ടുകുത്തി ബി ഗ്രേഡ് വിഭാഗത്തിൽ 16 വള്ളങ്ങളും ഇരുട്ടുകുത്തി സി ഗ്രേഡ് വിഭാഗത്തിൽ 10 വള്ളങ്ങളും 4 ചുരുളൻ വള്ളങ്ങളും 6 തെക്കനോടി വള്ളങ്ങളും ഉൾപ്പെടെ 58 ചെറുവള്ളങ്ങൾ ആണ് മത്സരരംഗത്തുള്ളത്.

പ്രഥമ സി.ബി.എല്ലിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. നെഹ്റുട്രോഫി ബോട്ട് റേസിന്റെ ഉദ്ഘാടനം ക്രിക്കറ്റ് ഇതിഹാസം സച്ചിൻ ടെൻഡുൽക്കർ നിർവഹിക്കും. മന്ത്രിമാരായ ജി.സുധാകരൻ, കടകംപള്ളി സുരേന്ദ്രൻ, ഡോ.ടി.എം.തോമസ് ഐസക്, പി.തിലോത്തമൻ, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല എന്നിവർ ഉദ്ഘാടനച്ചടങ്ങിൽ പങ്കെടുക്കും. ഒരു മണി മുതൽ രണ്ടുമണിവരെ ഡിസ്പ്ലേ നടക്കും. രണ്ട് മണിക്ക് ഉദ്ഘാടനച്ചടങ്ങ് തുടങ്ങും.

നെഹ്റു ട്രോഫിമുതൽ കൊല്ലം പ്രസിഡന്റ് ട്രോഫി വരെ വിവിധ ജില്ലകളിലായി സംഘടിപ്പിക്കുന്ന 12 മത്സരങ്ങളാണ് ചാമ്പ്യൻസ് ബോട്ട് ലീഗിൽ ഉണ്ടാകുന്നത്. ചെറുവള്ളങ്ങളുടെ പ്രാഥമിക മത്സരങ്ങൾ രാവിലെ ആരംഭിയ്ക്കും. പ്രദർശന മത്സരങ്ങളുൾപ്പടെയുള്ള ഇത്തരം മത്സരങ്ങൾ 1 മണിക്ക് മുമ്പ് അവസാനിക്കും. സി.ബി.എൽ പ്രക്ഷേപണം നാലു മുതൽ അഞ്ചു മണിവരെയായിരിക്കും. സ്റ്റാർട്ടിങ്ങിന് ഇത്തവണയും കുറ്റമറ്റരീതിയിൽ കഴിഞ്ഞ തവണ പ്രവർത്തിപ്പിച്ച മാഗ്നറ്റിക്

സംവിധാനം നിശ്ചല സ്റ്റാർട്ടിങ്ങിന് ഉപയോഗിക്കും. ഫോട്ടോ ഫിനിഷിങ് സമ്പ്രദായവും തുടരും. ഫോട്ടോ ഫിനിഷിംഗ് സംവിധാനത്തിലൂടെ വള്ളങ്ങളുടെ മത്സരം പൂർത്തിയാകുന്ന നിമിഷംതന്നെ എൽ.ഇ.ഡിയിലൂടെയും പ്രിന്റ് ഔട്ട് ആയും മത്സര ഫലം അറിയാൻ കഴിയും.

(ചിത്രമുണ്ട്)

# പ്രളയദുരന്തം: തടയണ നിർമ്മാണത്തിൽ കർമ്മനിരതരായി സാക്ഷരതാ മിഷൻ

ആലപ്പുഴ:കുട്ടനാട്ടിലെ കനകാശ്ശേരി, വലിയതുരുത്ത്, ആററുപുറത്ത് എന്നീ പാടശേഖരങ്ങളിലെ പുറംബണ്ടുകളുടെ തടയണമിർമ്മാണത്തിനുള്ള മണൽചാക്ക് നിറയ്ക്കൽ രണ്ടാംഘട്ടം ഇന്ന് ആലപ്പുഴ ടെർമിനലിൽ നടന്നു. തോട്ടപ്പളിയിൽ നിന്നാണ് ഇതിനാവശ്യമായ മണ്ണ് കൊണ്ടുവന്നത്. സാക്ഷരത പ്രേരക്മാർ തുല്യതാ പഠിതാക്കൾ ജില്ലാ സാക്ഷരതാമിഷൻ ജീവനക്കാർ എന്നിവരുൾപ്പെടുന്ന 100 പേർ അടങ്ങുന്ന സംഘം മണൽചാക്ക് നിറയ്ക്കുന്നതിനും നിറച്ചചാക്ക് ബോട്ടിൽ കയററി യഥാസ്ഥാനത്ത് എത്തിക്കുന്നതിനും കർമോത്സുകരായി പ്രവർത്തിച്ചു. പങ്കെടുത്തവരിൽ ഏറെയും സ്ത്രികളായിരുന്നു എന്നത് പ്രത്യേകതയായി. ഇന്ന് 2000 മണൽചാക്ക് നിറയ്ക്കുകയും 1200 ചാക്ക് തുന്നികെട്ടുകയും 780 ചാക്ക് മണൽതടയണനിർമ്മാണ സ്ഥലത്ത് എത്തിക്കുകയും ചെയ്തു .ജില്ലാ സാക്ഷരത മിഷന്റെ നേതൃത്വത്തിൽ നടന്ന ശ്രമദാനപരിപാടികൾ തുടർന്നും ഉണ്ടാകുമെന്ന് ജില്ലാ സക്ഷരത മിഷൻ കോ-ഓർഡിനേററർ അറിയിച്ചു.

(ചിത്രമുണ്ട്)

# റീ ടെണ്ടർ നോട്ടീസ്

ആലപ്പുഴ:ജില്ലാസാമൂഹികനീതി വകുപ്പിന്റെ കീഴിൽ തുറവൂർ അഷ്ടമി രോഹിണി കരയോഗം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പട്ടണക്കാട് ശിശുവികസനപദ്ധതി ഓഫീസിന്റെ ആവശ്യങ്ങൾക്ക് കാർ/ജീപ്പ് വാടകയ്ക്ക് ആവശ്യമുണ്ട്. താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവരിൽ നിന്ന് മുദ്രവച്ച ടെൻഡറുകൾ ക്ഷണിച്ചു. ഓഗസ്റ്റ് 29 ഉച്ചകഴിഞ്ഞ് 2.30 വരെ ടെൻഡർ സ്വീകരിക്കും. അന്നേദിവസം ഉച്ചയ്ക്ക് 3.30ന് ടെൻഡർ തുറക്കും. വിശദവിവരം ശിശുവികസനപദ്ധതി ഓഫീസിൽ ലഭിക്കും. ഫോ: 0478-2562413, 8281999144.

# അങ്കണവാടി ഹെൽപ്പർ: ഇന്റർവ്യൂ 26 മുതൽ നടത്തും

ആലപ്പുഴ: പട്ടണക്കാട് ഐ.സി.ഡി.എസ് പ്രോജക്ടിലെ കോടംതുരുത്ത് പഞ്ചായത്ത് ഏരിയായിലുള്ള അങ്കണവാടി ഹെൽപ്പർമാരുടെ നിയമനത്തിന് വേണ്ടി ജൂലൈ 27 നടത്താനിരുന്ന ഇന്റർവ്യൂ ഓഗസ്റ്റ് 26നും, ജൂലൈ 29 നടത്താനിരുന്നത് ഓഗസ്റ്റ് 27നും നടത്തും. സ്ഥലവും സമയവും മാറ്റമില്ല.

# പരാതി പരിഹാര സെൽ യോഗം സെപ്റ്റംബർ അഞ്ചിന്

ആലപ്പുഴ:ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് -ഇ.എസ്.ഐ.എച്ച്. എ- പരാതി പരിഹാര സെല്ലിന്റെ പ്രതിമാസ യോഗം സെപ്റ്റംബർ അഞ്ചിന് ഉച്ചകഴിഞ്ഞ് മൂന്നിനു ആലപ്പുഴ ഇ.എസ്.ഐ ആശുപത്രിയിൽ ചേരും.

# ഖാദി യൂണിറ്റുകളുടെ നാശനഷ്ടം 30നകം അറിയിക്കണം

ആലപ്പുഴ: 2019 ഓഗസ്റ്റിലെ മഴക്കെടുതിയിൽ ആലപ്പുഴ ജില്ലയിൽ പി.എം.ഇ.ജി.പി പദ്ധതി പ്രകാരം ജില്ലാഖാദി ഗ്രാമ വ്യവസായ ഓഫീസു വഴി വ്യവസായം ആരംഭിച്ച യൂണിറ്റുകൾക്ക് നാശനഷ്ടം എന്തെങ്കിലും സംഭവിച്ചിട്ടുണ്ടെങ്കിൽ ഓഗസ്റ്റ് 30നകം ആലപ്പുഴ ജില്ലാഖാദി ഗ്രാമ വ്യവസായ ഓഫീസിൽ രേഖാമൂലം അറിയിക്കണം.

# തയ്യൽ തൊഴിലാളി ക്ഷേമനിധി: അദാലത്ത് നടത്തും

ആലപ്പുഴ:തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ജില്ല ഓഫീസിൽ കുടിശിക അപേക്ഷകൾ തീർപ്പാക്കുന്നതിന് ഓഗസ്റ്റ് 30ന് തോണ്ടൻകുളങ്ങര സാസ് ബിൽഡിംഗിൽ പ്രവർത്തിക്കുന്ന ജില്ല കാര്യാലയത്തിൽ അദാലത്ത് നടത്തും. മാർച്ച് 31നു മുമ്പ് ആനുകൂല്യ അപേക്ഷ സമർപ്പിച്ചിട്ട് തുക ലഭിക്കാത്തവർ ബന്ധപ്പെട്ട മുഴുവൻ രേഖകളും സഹിതം അന്നേദിവസം ഹാജരാകണം. അല്ലാത്ത അപേക്ഷകൾ നിരസിക്കും.

# വിവിധോദ്ദേശ്യ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നു

ആലപ്പുഴ: ജില്ലയുടെ പരിധിയിൽ ഓരോ തദ്ദേശസ്വയംഭരണ പ്രദേശത്തുള്ള മരപ്പണി, കെട്ടിട നിർമ്മാണം, പെയിന്റിങ്ങ്, പ്ലംബിങ്ങ്, ഇലക്ട്രിക്കൽ വർക്ക്, കൽപ്പണി, വെൽഡിംഗ്, കാറ്ററിംഗ് , ഐ.റ്റി , മോട്ടോർ വാഹന റിപ്പയറിംഗ്, ഡ്രൈവിംഗ്, തെങ്ങ് കയറ്റം ഉൾപ്പടെ കാർഷിക അധിഷ്ഠിത ജോലികൾ ചെയ്യുന്നവർ തുടങ്ങിയുള്ള സ്കിൽഡ്, അൺസ്കിൽഡ് മേഖലയിലെ തൊഴിലാളികളെ ഉൾപ്പെടുത്തി വിവിധോദ്ദേശ്യ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് സർക്കാർതലത്തിൽ തീരുമാനമായിട്ടുണ്ട്.പ്രദേശത്തുള്ള ഏത് തരത്തിൽപ്പെട്ട ജോലികളും നിർവ്വഹിച്ച് നൽകുക എന്നതാണ് സംഘത്തിന്റെ ലക്ഷ്യം.

സഹകരണ സംഘങ്ങളിൽ അംഗങ്ങളായി ചേരുവാൻ ആലപ്പുഴ ജില്ലാ വ്യവസായ

കേന്ദ്രവുമായോ, താലൂക്ക് വ്യവസായ ഓഫീസുമായോ ബന്ധപ്പെടണം.ഫോൺ: ജില്ലാ വ്യവസായ കേന്ദ്രം -0477 2251272, താലൂക്ക് വ്യവസായ ഓഫീസുകൾ:അമ്പലപ്പുഴ - 9447859939, ചെങ്ങന്നൂർ - 9497471218, ചേർത്തല -9497009727, കാർത്തികപ്പള്ളി-9496156739, കുട്ടനാട് - 9447565955, മാവേലിക്കര -9497338750.

# ആസൂത്രണ സമിതി യോഗം സെപ്റ്റംബർ രണ്ടിന്

ആലപ്പുഴ: ജില്ല ആസൂത്രണ സമതിയുടെ യോഗം സെപ്റ്റംബർ രണ്ടിന് ഉച്ചയ്ക്ക്ശേഷം മൂന്നിന് ജില്ല ആസൂത്രണ സമിതി കോൺഫറൻസ് ഹാളിൽ ചേരും.